**September-**

**October, 2013**



# First Year Higher Secondary Improvement Examination

Part – III

## POLITICAL SCIENCE

Maximum : 80 Scores

Time : 2½ Hours
Cool off time : 15 Minutes

***General Instructions to Candidates :***

- There is a 'cool off time' of 15 minutes in addition to the writing time of 2½ hrs.
- You are not allowed to write your answers nor to discuss anything with others during the 'cool off time'.
- Use the 'cool off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- All questions are compulsory and only internal choice is allowed.
- When you select a question, all the sub-questions must be answered from the same question itself.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Electronic devices except non programmable calculators are not allowed in the Examination Hall.

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തര പേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

1. One of your classmates, Harshida, improperly arranged the table below. Help her to arrange them correctly.

| | Authors | Works |
|---|---|---|
| 1. | M.K. Gandhi | Freedom from Fear |
| 2. | Aaung Saan Suki | On Liberty |
| 3. | Mandelay | Hind Swaraj |
| 4. | J.S. Mill | Long Walk to Freedom |

**Score : 2**

2. A Panel discussion in a television channel, you heard the following comments :
Team A : "Many Constitution in the world exist only on paper, not in practice".
Team B : "Of course! It is the duty of all citizens to make the Constitution effective in letter and spirit".
Based on the above dialogue, prepare a discussion report on the topics "India's Constitution is a unique document". **Score : 4**

1. നിങ്ങളുടെ സുഹൃത്ത്, ഹർഷിദ താഴെ കൊടുത്ത ടേബിൾ തെറ്റായാണ് ക്രമപ്പെടുത്തിയിരിക്കുന്നത്. അത് കൃത്യമാക്കാൻ അവളെ സഹായിക്കൂ.

| | ഗ്രന്ഥകർത്താവ് | കൃതി |
|---|---|---|
| 1. | എം. കെ. ഗാന്ധി | ഫ്രീഡം ഫ്രം ഫിയർ |
| 2. | ഓങ്ങ് സാൻ സൂകി | ഓൺ ലിബർട്ടി |
| 3. | മണ്ടേല | ഹിന്ദ് സ്വരാജ് |
| 4. | ജെ. എസ്. മിൽ | ലോങ്ങ് വാക്ക് ടു ഫ്രീഡം |

**Score : 2**

2. പാനൽ ചർച്ചയുടെ ഭാഗമായി ഒരു ടെലിവിഷനിൽ വന്ന പരാമർശങ്ങൾ :
ടീം എ :"ലോകത്തിലെ പല ഭരണ ഘടനകളും കടലാസിൽ ഒതുങ്ങുന്നു. പ്രയോഗത്തിലില്ല".
ടീം ബി : തീർച്ചയായും ! വാക്കിലും അന്ത:സത്തയിലും ഭരണഘടനകൾ കാര്യക്ഷമമാക്കേണ്ടത് പൗരന്മാരുടെ കടമയാണ്.
മേൽ സംഭാഷണത്തിന്റെ അടിസ്ഥാനത്തിൽ 'ഇന്ത്യൻ ഭരണഘടന അനുപമമായ ഒരു രേഖയാണ്' എന്ന വിഷയത്തെക്കുറിച്ച് ഒരു ചർച്ചാ കുറിപ്പ് തയ്യാറാക്കുക. **Score : 4**

3. Now a days the functions of the State is increasing by the adoption of the manifold developmental activities. Simultaneously the role of bureaucracy is also increasing. But, many thinks that bureaucracy is considered as an organization of non-committed professionals. In this context give your view points on the excessive role of bureaucracy.

**Score : 4**

4. Identify and classify the names of certain personalities given below :

| Sl. No. | Political Theorists | Politicians |
|---|---|---|
| 1. | | |
| 2. | | |
| 3. | | |
| 4. | | |

(Sonia Gandhi, Plato, Mulayam Sing Yadav, L.K.Advani, Aristotle, Chanakya, Mamata Banerjee, Socretes)

**Score : 4**

3. നാനാതരത്തിലുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ ഇക്കാലത്ത് സർക്കാരുകളുടെ ചുമതലകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ആയതിനാൽ ഉദ്യോഗസ്ഥവൃന്ദത്തിന്റെ പങ്കും വർദ്ധിക്കുകയാണ്. പ്രതിബദ്ധതയില്ലാത്ത തൊഴിൽ വൈദഗ്ദ്യം നേടിയവരുടെ സംഘടനയായാണ് ഉദ്യോഗസ്ഥവൃന്ദത്തെ കാണുന്നത്.
മേൽ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ വർദ്ധിച്ചു വരുന്ന ഉദ്യോഗസ്ഥവൃന്ദത്തിന്റെ പങ്ക് എന്ന വിഷയത്തിൽ നിങ്ങളുടെ കാഴ്ചപ്പാട് അവതരിപ്പിക്കുക.

**Score : 4**

4. ചില പ്രധാനപ്പെട്ട വ്യക്തിത്വങ്ങളുടെ പേര് താഴെ കൊടുക്കുന്നു. ഇവരെ വേർതിരിച്ച് താഴെ പറയുംവിധം വർഗ്ഗീകരിക്കുക.

| Sl. No. | രാഷ്ട്രതന്ത്ര സൈദ്ധാന്തികർ | രാഷ്ട്രീയക്കാർ |
|---|---|---|
| 1. | | |
| 2. | | |
| 3. | | |
| 4. | | |

(സോണിയഗാന്ധി, പ്ലാറ്റോ, മുലായം സിംഗ് യാദവ്, എൽ. കെ. അദ്വാനി, അരിസ്റ്റോട്ടിൽ, ചാണക്യൻ, മമത ബാനർജി, സോക്രട്ടീസ്)

**Score : 4**

5. Observe the Inaugural speech of Grama Panchayat President in a Grama Sabha –

"Democracy exists in decentralization of power and power should be shared by the people. People's participation in policies and programmes and fixing Developmental priorities in Local level is the unique feature of Local Self Government. But the Local bodies dependent on State and Central Governments for financial support. It makes them dependent."

Examine the above statements and evaluate the present position of Local Self Governments and point out practical measures to overcome these issues. **Score : 6**

5. ഒരു ഗ്രാമസഭ ഉദ്ഘാടനവേളയിൽ പഞ്ചായത്ത് പ്രസിഡന്റിന്റെ പ്രസംഗം ശ്രദ്ധിക്കുക.

"അധികാര വികേന്ദ്രീകരണത്തിലൂടെ ജനങ്ങളുമായി അധികാരം പങ്കുവെയ്ക്കുമ്പോഴാണ് ജനാധിപത്യം നിലനില്ക്കുന്നത്. നയങ്ങൾ രൂപപ്പെടുത്തുന്നതിലും പരിപാടികൾ നടപ്പിലാക്കുന്നതിലും വികസന പ്രവർത്തനങ്ങൾക്ക് മുൻഗണന നിശ്ചയിക്കുന്നതിലും ജനകീയ പങ്കാളിത്തം ഗ്രാമതലത്തിൽ ഉണ്ടാവുന്നതുമാണ് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ അതുല്യമായ സവിശേഷത. പക്ഷെ സാമ്പത്തിക പിൻതുണയ്ക്കായി ഇവയ്ക്ക് കേന്ദ്രസംസ്ഥാന സർക്കാരുകളെ ആശ്രയിക്കേണ്ടി വരുന്നു. ഇത് അവരെ ആശ്രിതരാക്കുന്നു."

മേൽ പ്രസ്താവന പരിശോധിച്ച് പ്രാദേശിക സ്വയം ഭരണ സ്ഥാപനങ്ങളുടെ നിലവിലുള്ള അവസ്ഥയും അവയ്ക്കുള്ള പരിഹാരങ്ങളും നിർദ്ദേശിക്കുക. **Score : 6**

6. In the speech of the District Judge, who came to address the Parliamentary Literacy Club of your school, said that "Justice delayed is justice denied." One of your friends from the science class asked you its meaning. Give him a brief explanation.

**Score : 2**

7. Examine the following dialogue on our Constitution :

   Rohan : "Certain parts of our Constitution is rigid, which means resistant to change".

   Rimi : "Some are flexible, which means open to changes".

   Based on the above conversation, consolidate the three procedures regarding amendment as per Article: 368.

**Score : 3**

6. സ്കൂളിലെ പാർലമെന്ററി ക്ലബിന്റെ ഉദ്ഘാടന വേളയിൽ ജില്ലാ ജഡ്ജി അഭിപ്രായപ്പെട്ടത് 'നീതി വൈകുന്നത് നീതി നിഷേധിക്കുന്നതിന് തുല്യമാണ്'. സയൻസ് ക്ലാസ്സിലെ നിങ്ങളുടെ സുഹൃത്തിന് അതിന്റെ അർത്ഥം മനസ്സിലായില്ല. അദ്ദേഹത്തിന് ഒരു ലഘു വിശദീകരണം നല്കുക.

**Score : 2**

7. ഭരണഘടനയെക്കുറിച്ച് താഴെ കൊടുത്തിരിക്കുന്ന സംഭാഷണം പരിശോധിക്കുക.

   റോഹൻ : ''നമ്മുടെ ഭരണഘടനയുടെ ചിലഭാഗങ്ങൾ ദൃഢമാണ്. അതിനർത്ഥം മാറ്റങ്ങളെ ഉൾക്കൊള്ളാൻ ബുദ്ധിമുട്ടുണ്ട് എന്നാണ് ''.

   റിമി : ''ചിലത് അയവുള്ളതാണ്. അതിനർത്ഥം മാറ്റത്തോട് തുറന്ന സമീപനം എന്നാണ്''.

   മേൽ പ്രസ്താവനകളെ ആധാരമാക്കി, അനുച്ഛേദം 368 പ്രകാരമുള്ള, 3 തരം ഭരണഘടനാഭേദഗതികൾ സംക്ഷിപ്തമായി എഴുതുക.

**Score : 3**

8. Your classmate asked you to find the correct answer to fill the table. Help him to complete :

| | Philosophy | Philosopher |
|---|---|---|
| 1. | Nature has made human being roughly equal | |
| 2. | Division of Labour | |

(J. Bentham, Karl Marx, J.J.Rousseau,Thomas Hobbes)

**Score : 1**

9. It is seen in a Daily News – "Israeli attack on Gaza". It is often stated that peace is lost. But there are rays of hope. Based on the statements, find out the collective efforts and decisions to maintain peace and suggest the way of attaining world peace and write them briefly. **Score : 4**

8. ശരിയായ ഉത്തരങ്ങൾ കണ്ടെത്തി പട്ടികപൂർത്തിയാക്കാൻ നിങ്ങളുടെ സുഹൃത്ത് സഹായം ചോദിക്കുന്നു. അദ്ദേഹത്തെ സഹായിക്കൂ.

| | തത്വസംഹിത | തത്വചിന്തകൻ |
|---|---|---|
| 1. | പ്രകൃതി മനുഷ്യ ജീവികളെ ഏറെക്കുറെ തുല്യരാക്കുന്നു. | |
| 2. | തൊഴിൽ വിഭജനം | |

(ജെ. ബെന്താം, കാറൽമാക്സ്, ജെ. ജെ. റൂസോ, തോമസ് ഹോബ്സ്)

**Score : 1**

9. "ഗാസയിൽ ഇസ്രായേൽ ആക്രമണം" ഒരു ദിനപത്രത്തിലെ വാർത്ത കാണുന്നു. സമാധാനം തീർച്ചയായും ഇന്നിന്റെ നഷ്ടമാണെന്ന് പറയാറുണ്ട്. എങ്കിലും പ്രത്യാശയുടെ കിരണങ്ങൾ ഇല്ലാതില്ല. ഇത്തരത്തിലുള്ള സമാധാനത്തിനായ കൂട്ടായ ശ്രമങ്ങളും തീരുമാനങ്ങളും കണ്ടെത്തുക. മേൽ പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ ലോകസമാധാന പാലനത്തിനായുള്ള നിർദ്ദേശങ്ങൾ ചുരുക്കി വിവരിക്കുക. **Score : 4**

10. Observe the following dialogue.

Raju : "The developmental models of most of the newly independent Afro-Asian Nations are not in accordance with their socio-economic situations. They are tried only to copy the models of developed nations".

Riyas : "We also followed the same strategy in developmental perspective".

Raju : "Yes, problems in Moolambally, Kinaloor, Njaliambarambu and Vilappilsala are some examples".

Riyas : "But, of course, we need alternative models of development".

Based on the above statements, suggest alternative models of development suitable to our needs.

**Score : 6**

10. ചുവടെയുള്ള സംഭാഷണം ശ്രദ്ധിക്കുക.

രാജു : ''ഏഷ്യൻ-ആഫ്രിക്കൻ മേഖലയിലെ നവസ്വതന്ത്ര്യ രാഷ്ട്രങ്ങളിൽ മിക്കതും സ്വീകരിച്ച വികസന മാതൃകകൾ അവയുടെ സാമൂഹ്യ-സാമ്പത്തിക സാഹചര്യങ്ങൾക്ക് ചേർന്നതായിരുന്നില്ല. വികസിത രാജ്യങ്ങളുടെ മാതൃക പകർത്തുക മാത്രമാണ് അവർ ചെയ്തത്.''

റിയാസ് : ''വികസന കാഴ്ചപ്പാടിൽ നമ്മളും അതേ തന്ത്രങ്ങൾ തന്നെ ഇപ്പോഴും പിൻതുടരുന്നത്.

രാജു : ''അതെ, മൂലമ്പള്ളി, കിനാലൂർ, ഞെളിയൻ പറമ്പ്, വിളപ്പിൻശാല എന്നീ പ്രശ്നങ്ങൾ ചില ഉദാഹരണങ്ങൾ മാത്രം.

റിയാസ് : ''തീർച്ചയായും, ബദൽ വികസന മാതൃകകൾ നമുക്കാവശ്യമാണ്.

മേൽ പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ നമ്മുടെ ആവശ്യങ്ങൾക്ക് അനുഗുണമായ ബദൽ വികസന മാതൃകകൾ നിർദ്ദേശിക്കുക.

**Score : 6**

11. Listen to a Panel discussion telecasted by All India Radio :

Team I : "Nationalism is a noble force and a great asset to a country. It is a force of unity and breed legitimate pride and self respect in a country."

Team II : "No! Nationalism is an aggressive sentiment and not a noble force. It can kindle the narrow mind educes and develop aggressive national feeling. This is against unity and world peace".

Based on the above discussions prepare a discussion note including the factors that strengthen the concept "Nationalism" and distinguish between Nation and Nationalism. **Score : 3**

11. ആൾ ഇന്ത്യാ റേഡിയോ സംപ്രേക്ഷണം ചെയ്ത ഒരു പാനൽ ചർച്ച ശ്രദ്ധിക്കുക.

ടീം I : രാഷ്ട്രത്തിന്റെ ഉന്നതമായ സമ്പത്തും മഹത്തരമായ ശക്തിയുമാണ് ദേശീയത. അത് ഐക്യത്തിന്റെ ശക്തിയും നിയമാനുസൃതമായ അന്തഃസ്സും ആത്മാഭിമാനവും രാജ്യത്തിന് പ്രധാനം ചെയ്യുന്നു.

ടീം II : അല്ല. ദേശീയത ഒരു തീവ്ര വികാരമാണ്. അത് ഉന്നതമായ ശക്തിയല്ല. അത് ഇടുങ്ങിയ ചിന്താഗതിയും തീവ്രമായ രാഷ്ട്രബോധവും വളർത്തുന്നു. ലോകസമാധാനത്തിനും രാഷ്ട്ര ഐക്യത്തിനും എതിരായി മാറുന്നു.

മേൽ പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ ദേശീയതയ്ക്കും ദേശീയ ഉദ്ഗ്രഥനത്തിനെ ശക്തിപ്പെടുത്തുന്ന ഘടകങ്ങളെ ഉൾക്കൊള്ളിച്ച് ഒരു ചർച്ചാ റിപ്പോർട്ട് തയ്യാറാക്കുകയും, ദേശീയതയും, ദേശവും തമ്മിലുള്ള വ്യത്യാസം എഴുതുകയും ചെയ്യുക.

**Score : 3**

12. You have seen a 'Banner' exhibited outside the school seminar hall- "Second term to Obama". Actually, separation of power is a basic feature of both Indian and US Constitution. But there are fundamental differences in its working.

Analyse the above statements and find out major differences between Indian and American Federalism.

(**Hint** – "The Constitution of India is federal in nature, Unitary in spirit") **Score : 5**

12. സ്കൂൾ സെമിനാർ ഹാളിനു പുറത്ത് വെച്ചിരിക്കുന്ന ഒരു ബാനറിൽ ഇങ്ങനെ എഴുതിക്കണ്ടു.

"ഒബാമയ്ക്ക് രണ്ടാമൂഴം".

യഥാർത്ഥത്തിൽ അധികാരവിഭജനം ഇന്ത്യയുടെയും അമേരിക്കയുടെയും ഭരണഘടനകളുടെ പൊതു സ്വഭാവ വിശേഷണങ്ങളാണ്. എന്നാൽ അവയുടെ പ്രവർത്തനങ്ങളിൽ മൗലികമായ വ്യത്യാസങ്ങൾ ഉണ്ട്.

മേൽ പ്രസ്താവനയെ അടിസ്ഥാനമാക്കി ഇന്ത്യയുടെയും അമേരിക്കയുടെയും ഫെഡറലിസത്തിന്റെ പ്രധാന വ്യത്യാസങ്ങൾ കണ്ടെത്തുക.

(**ഹിന്റ്** : ഇന്ത്യൻ ഭരണഘടനയ്ക്ക് ഫെഡറൽ സ്വഭാവമുണ്ടെങ്കിലും തത്ത്വത്തിൽ യൂണിറ്ററിയാണ്.) **Score : 5**

13. Examine the dialogue given below:

Niveditha : "Judiciary has only the role of settling dispute and administration to justice".

Ananya : "No, You are not right. "Public Interest Litigations, Judicial activism make me a cynic".

On the basis of the above statements, critically analyse the role and functions of independent judiciary in a democratic state.

**Score : 5**

14. A boy from your neighbourhood asked the names of the following dignitaries :

| | | |
|---|---|---|
| 1. | The Chief Justice of Supreme Court of India | ? |
| 2. | The Chief Election Commission of India | ? |
| 3. | The Vice President of India | ? |
| 4. | The Chief Justice of High Court of Kerala | ? |

Help him to complete the table.

**Score : 2**

13. ചുവടെ ചേർത്ത സംഭാഷണം ശ്രദ്ധിക്കുക.

നിവേദിത : 'തർക്കങ്ങൾ പരിഹരിക്കുകയും നീതിന്യായ നിർവ്വഹണം നടത്തലുമാണ് കോടതികളുടെ ചുമതലകൾ'.

അനന്യ : താങ്കളുടെ നിരീക്ഷണം ശരിയല്ല. പൊതുതാല്പര്യ ഹർജികളും കോടതികളുടെ അമിത അധികാര പ്രയോഗങ്ങളും എന്നെ സംശയാലുവാക്കുന്നു.

മേൽ സംഭാഷണങ്ങളുടെ അടിസ്ഥാനത്തിൽ ജനാധിപത്യ രാഷ്ട്രത്തിൽ സ്വതന്ത്ര്യമായ നീതിന്യായ വിഭാഗത്തിന്റെ പങ്കും ചുമതലകളും വിമർശനാത്മകമായി പരിശോധിക്കുക.

**Score : 5**

14. അയൽപക്കത്തെ ഒരു കുട്ടി താഴെ തന്നിരിക്കുന്ന പട്ടികയിലുള്ള വിശിഷ്ട സ്ഥാനികളുടെ പേര് വിവരങ്ങൾ നിങ്ങളോട് ചോദിച്ചു.

| | | |
|---|---|---|
| 1. | ഇന്ത്യയുടെ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് | ? |
| 2. | ഇന്ത്യൻ ചീഫ് ഇലക്ഷൻ കമ്മീഷൻ | ? |
| 3. | ഇന്ത്യയുടെ വൈസ് പ്രസിഡന്റ് | ? |
| 4. | കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് | ? |

പട്ടിക പൂർത്തിയാക്കാൻ അവനെ സഹായിക്കൂ.

**Score : 2**

15. Your younger brother, who is in Tenth Standard asked you to help him to prepare an essay on "The Fundamental Rights guaranteed" in the Constitution of India. What are the major ideas you would include in the essay ?

**Score : 4**

16. "The President is the head of our State." He has got wide powers and functions. For better understanding of the working of the Indian Democracy, it is very essential to know the powers and functions of the President of India. In this context analyze and write down the powers and functions lies with President of India. **Score : 4**

15. പത്താംതരത്തിൽ പഠിക്കുന്ന നിങ്ങളുടെ സഹോദരന് ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന മൗലിക അവകാശങ്ങൾ എന്ന വിഷയത്തിൽ ഒരു ഉപന്യാസം തയ്യാറാക്കുവാൻ നിങ്ങളുടെ സഹായം ചോദിക്കുന്നു. ഏതൊക്കെ പ്രധാന ആശയങ്ങളാണ് ഉപന്യാസത്തിൽ നിങ്ങൾ ഉൾപ്പെടുത്തുക ? **Score : 4**

16. ''നിരവധി അധികാരങ്ങളും ചുമതലകളുമുള്ള രാഷ്ട്രത്തലവനാണ് രാഷ്ട്രപതി.'' ഇന്ത്യൻ ജനാധിപത്യ പ്രവർത്തനങ്ങളെ ശരിയ്ക്കും മനസ്സിലാക്കാൻ രാഷ്ട്രപതിയുടെ അധികാരങ്ങളും ചുമതലകളും അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. ഈ സന്ദർഭത്തിൽ രാഷ്ട്രപതിയുടെ അധികാരങ്ങളും ചുമതലകളും വിശകലനം ചെയ്യുക. **Score : 4**

17. It is heard that your Municipal Authority has decided to start a new waste management plant nearby your residence. Immediately your local people started an agitation against this. Give suggestions to the local people about the ways to approach the court without the legal assistance from an advocate.

**Score : 3**

18. Complete the chart with the options given below :

| | Nature of Freedom | Liberty |
|---|---|---|
| 1. | Freedom of speech and expression | |
| 2. | Absence of Exploitation | |
| 3. | Complete freedom from interference | |
| 4. | Right to hold public office | |

(Natural liberty, Civil liberty, Political liberty, Economic liberty)

**Score : 2**

17. നിങ്ങളുടെ താമസസ്ഥലത്തിനടുത്ത് ഒരു പുതിയ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ മുനിസിപ്പൽ ഭരണം തീരുമാനിച്ചുവെന്ന് നിങ്ങൾ അറിയുന്നു. ഉടനെ പ്രാദേശികമായ എതിർപ്പുകളും പ്രക്ഷോഭങ്ങളും ആരംഭിച്ചിട്ടുണ്ട്. ഒരു വക്കീലിന്റെ നിയമ സഹായമില്ലാതെ കോടതിയെ സമീപിക്കാൻ പ്രാദേശിക നേതൃത്വ ഫ്രണ്ടിനെ സഹായിക്കാമെന്ന് നിർദ്ദേശിക്കുക.

**Score : 3**

18. ചുവടെ തന്നിട്ടുള്ളവയിൽ നിന്നും അനുയോജ്യമായവ ചേർത്ത് ചാർട്ട് പൂർത്തിയാക്കുക.

| | സ്വാതന്ത്ര്യത്തിന്റെ സ്വഭാവം | സ്വാതന്ത്ര്യം |
|---|---|---|
| 1. | അഭിപ്രായ പ്രകടന സ്വാതന്ത്ര്യം | |
| 2. | ചൂഷണ മുക്ത സ്വാതന്ത്ര്യം . | |
| 3. | മറ്റുള്ളവരുടെ ഇടപെടലുകളിൽ നിന്നുള്ള സ്വാതന്ത്ര്യം | |
| 4. | ഔദ്യോഗിക പദവി വഹിക്കാനുള്ള സ്വാതന്ത്ര്യം | |

(സ്വാഭാവിക സ്വാതന്ത്ര്യം, സിവിൽ സ്വാതന്ത്ര്യം, രാഷ്ട്രീയ സ്വാതന്ത്ര്യം, സാമ്പത്തിക സ്വാതന്ത്ര്യം)

**Score : 2**

19. One of your classmates, was absent when the topic Indian Parliamentary system was explained in the classroom activity. Help him to classify the features of Lok Sabha and Rajya Sabha in to a table. **Score : 3**

20. Anu, one of your best friends, would like to publish an article in the School Magazine on the concept of "Global Citizenship". Suggest some relevant points to be included in her article to become it a more creative work. **Score : 3**

19. ഇന്ത്യൻ പാർലമെന്ററി സമ്പ്രദായം ക്ലാസ്സ് റൂം പഠനപ്രക്രിയയിൽ വിശദീകരിച്ചപ്പോൾ ഹാജരാകാൻ കഴിയാതെ പോയ നിങ്ങളുടെ ഒരു സുഹൃത്തിന് ലോകസഭ, രാജ്യസഭ എന്നിവയുടെ സവിശേഷതകൾ വിശദമാക്കുന്ന ഒരു പട്ടിക തയ്യാറാക്കാൻ സഹായിക്കൂ. **Score : 3**

20. ആഗോള പൗരത്വം എന്ന ആശയത്തെക്കുറിച്ച് സ്കൂൾ മാഗസിനിൽ ഒരു ലേഖനം പ്രസിദ്ധപ്പെടുത്താൻ നിങ്ങളുടെ ഒരു സുഹൃത്ത്, അനു ആഗ്രഹിക്കുന്നു. ശ്രദ്ധേയമായ കൃതിയായി അതിനെ മാറ്റുന്നതിന് അവൾക്കാവശ്യമായ പ്രസക്ത സൂചകങ്ങൾ നല്കുക. **Score : 3**

21. In a public meeting a leader argued that 'the western concept of secularism is a solution to communal riots in India and Indian concept is not suited to the realities'. Do you agree with this statement ? Express your views.

**Score : 4**

22. Your Political Science Teacher asked you to complete the following sentences.

a) The First Past The Post System (FPTP) adopted by ______ and ________ Nations.

b) The proportional representation system adopted by ______ and ________ Nations.

(Holland, India, U.K, Israel)

**Score : 2**

21. പൊതുയോഗത്തിൽ പ്രസംഗിച്ച ഒരു നേതാവ് പാശ്ചാത്യമതേതര സങ്കൽപ്പമാണ് സാമുദായിക സംഘർഷങ്ങൾ ഉണ്ടാക്കുന്ന ഇന്ത്യൻ സാഹചര്യങ്ങൾക്ക് അനുഗുണമെന്നും ഇന്ത്യൻ മതേതര സങ്കല്പം യാഥാർത്ഥ്യങ്ങൾക്ക് യോജിച്ചവയല്ലെന്നും വാദിച്ചു. മേൽപ്രസ്താവനയോട് താങ്കൾ യോജിക്കുന്നുവോ ? അഭിപ്രായം വ്യക്തമാക്കുക.

**Score : 4**

22. ചുവടെ തന്നിട്ടുള്ളവയിൽ നിന്നും ശരിയായവ ഉപയോഗിച്ച് താഴെ പറയുന്ന വാക്യങ്ങൾ പൂർത്തീകരിക്കാൻ നിങ്ങളുടെ പൊളിറ്റിക്കൽ സയൻസ് അധ്യാപകൻ ആവശ്യപ്പെടുന്നു.

a) ഫസ്റ്റ് പാസ്റ്റ് ദി പോസ്റ്റ് സിസ്റ്റം നടപ്പിലാക്കപ്പെട്ട രാജ്യങ്ങൾ

________ , ________

b) ആനുപാതിക പ്രാതിനിധ്യ സമ്പ്രദായം നടപ്പിലാക്കിയ രാജ്യങ്ങൾ

________ , ________

(ഹോളണ്ട്, ഇന്ത്യ, യു. കെ, ഇസ്രയേൽ)

**Score : 2**

23. The Social Studies Teacher of your sister opined that there is some political philosophy to our Constitution. But she is not satisfied with the teacher's explanation. Give her a good explanation. **Score : 4**

23. ചില രാഷ്ട്രീയ സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കിയാണ് നമ്മുടെ ഭരണഘടന രൂപപ്പെട്ടതെന്ന് നിങ്ങളുടെ അനുജത്തിയുടെ സാമൂഹ്യ പാഠം അധ്യാപിക അഭിപ്രായപ്പെട്ടു. അധ്യാപികയുടെ വിശദീകരണത്തിൽ അവൾ തൃപ്തയല്ല. അവൾക്ക് ഒരു നല്ല വിശദീകരണം നല്കുക.

**Score : 4**